പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**തൊഴിലുറപ്പ് പദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3032 — 23.03.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ചന്ദ്രൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2014 വർഷത്തിൽ തൊഴിലുറപ്പ് മേഖലയിൽ തൊഴിൽ ദിനങ്ങൾ കുറഞ്ഞതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ, ഇതേകാലയളവിൽ, സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ താരതമ്യം ചെയ്തപ്പോൾ 2014-15 ൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തൊഴിലുറപ്പ് പദ്ധതി വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; പദ്ധതി കൂടുതൽ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനു ശ്രദ്ധിക്കുമോ; | (ബി) | 2005 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിപുലപ്പെടുത്തുന്നതു സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്. സംസ്ഥാനത്തിന്റെ ഭൗതിക തൊഴിൽ സാഹചര്യങ്ങൾക്കിണങ്ങുന്ന വിധം ഖാദി/കൈത്തറി/ക്ഷീരവികസനം/കയർ മേഖലയിലെ പ്രവൃത്തികൾ, നെൽകൃഷി ഉൾപ്പെടെയുള്ള കൃഷിപ്പണികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുന്നതിന് സംസ്ഥാനം കേന്ദ്രസർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. അനുകൂല തീരുമാനം അറിയിച്ചിട്ടില്ല. |
| (സി) | തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും കൂടുതൽ പേരെ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; തൊഴിലാളികൾക്ക് കൂടുതൽ ഇൻഷുറൻസ് പരിരക്ഷ നൽകുമോ; | (സി) | തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കുറഞ്ഞത് 15 ദിവസം പണിയെടുക്കുന്ന തൊഴിലാളികൾക്ക് രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന പ്രകാരം ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പദ്ധതിയെക്കുറിച്ച് കൂടുതൽ പഠനം നടത്തുന്നതിന് വിദഗ്ധ സമിതിയെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠനവിധേയമാക്കി റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ വിദഗ്ദ്ധരായ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഏജൻസികളുടെ റിപ്പോർട്ട് സമർപ്പണം നടന്ന് വരുന്നു. |

സെക്ഷൻ ഓഫീസർ